പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 330 — 11.06.2012-ൽ മറുപടിക്ക്.

**അങ്കമാലി ഫയർ & റെസ്ക്യൂ സ്റ്റേഷന്റെ പ്രവർത്തനം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) അങ്കമാലി ഫയർ & റെസ്ക്യൂ സ്റ്റേഷനിൽ ജീവനക്കാരുടെ കുറവ് മൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | : | (എ) ഫയർമാൻ, ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ തസ്തികകളിലെ ഒഴിവുകളെല്ലാം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫയർമാൻ തസ്തികയിലേയ്ക്ക് 781 പേരുടെ നിയമന ശുപാർശ പി.എസ്.സി.യിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇവരുടെ പോലീസ് വെരിഫിക്കേഷൻ പൂർത്തിയാക്കി, പരിശീലനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് അങ്കമാലി നിലയത്തിലെ ഒഴിവുകൾ നികത്തുന്നതാണ്. |
| (ബി) പ്രസ്തുത സ്റ്റേഷനിലെ പഴക്കംചെന്ന വാഹനങ്ങളും ഉപകരണങ്ങളും മാറ്റാത്തതുമൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പുതിയവ അനുവദിക്കുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; | : | (ബി) പുതിയ വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുന്ന മുറയ്ക്ക് അങ്കമാലി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് കൂടി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

(മറുപുറം)

| | | |
|---|---|---|
| (സി) അങ്കമാലി ഫയർ & റെസ്ക്യൂ സ്റ്റേഷനിൽ ഫയർ എഞ്ചിനുകളിൽ വെള്ളം നിറയ്ക്കുന്നതിനാവശ്യമായ ഹൈഡ്രന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | : | (സി) ഹൈഡ്രന്റുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ